# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **10.05.2017-ൽ** |
| **ചോദ്യം നമ്പർ 2936** | **മറുപടി നൽകേണ്ടത്** |

**അന്വേഷണ വീഴ്ചയുടെ പേരിൽ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം<br><br>ശ്രീ. ഹൈബി ഈഡൻ | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുണ്ടായ സ്ത്രീപീഡനകേസുകളിൽ അന്വേഷണം നടത്തിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണ വീഴ്ചയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേസുകളെന്ന് വിശദമാക്കുമോ; | എ) ഉണ്ട്.<br><br>1. കൊല്ലം റൂറൽ ജില്ലയിലെ കുണ്ടറ സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്ത ക്രൈം നം. 156/2017 u/s 174 CrPC ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിൽ തുടരന്വേഷണത്തിൽ u/s 375(a), 376 (i) (n) IPC & Sec.3 r/w 6 of POCSO Act 377, 306 IPC ഉൾപ്പെടുത്തി അന്വേഷണം നടത്തിയതിൽ ജാഗ്രതക്കുറവ് കാണിച്ചതായി കണ്ടെത്തിയ കുണ്ടറ സി.ഐ ആർ. ഷാബു, കുണ്ടറ എസ്.ഐ ശ്രീ. രജീഷ് കുമാർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.<br><br>2. വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രായപൂർത്തിയാകാത്ത ശെൽവപുരം, പാമ്പാംപള്ളം-അട്ടപ്പള്ളം എന്ന സ്ഥലത്ത് താമസിച്ചുവരുന്ന ഭാഗ്യവതി-ഷാജി ദമ്പതികളുടെ കൃതിക, aged 13 എന്ന പെൺകുട്ടി 13.01.2017 |

| | |
|---|---|
| | തീയതിയും, ശരണ്യ, aged 9 D/o ഷാജി, അട്ടപ്പള്ളം എന്ന പെൺകുട്ടി 04.03.2017 തീയതിയും താമസസ്ഥലത്തെ വീടിനുള്ളിൽ കഴുക്കോലിൽ ഒരേ സ്ഥലത്ത് കെട്ടിത്തൂങ്ങി മരണപ്പെട്ട-തുമായി ബന്ധപ്പെട്ട ഗുരുതരമായ കൃത്യവിലോപമുണ്ടായതായി ആരോ-പണമുണ്ടായതിനെ തുടർന്ന് വാളയാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സി.പി. ചാക്കോയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| **ബി)** എത്ര പോലീസുദ്യോഗസ്ഥർ-ക്കെതിരെ നടപടി സ്വീകരിച്ചുവെന്നും, അവരുടെ റാങ്ക് ഏതെന്നും വെളിപ്പെടു-ത്തുമോ? | **ബി)** മൂന്ന് പോലീസ് ഉദ്യോഗസ്ഥർ<br>(i) ശ്രീ. ആർ ഷാജു, സി.ഐ<br>(ii) ശ്രീ. രജീഷ് കുമാർ, എസ്.ഐ<br>(iii) ശ്രീ. സി.പി. ചാക്കോ, എസ്.ഐ |

**സെക്ഷൻ ഓഫീസർ**